# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 7, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനുള്ള നടപടി

*31 ശ്രീമതി കെ. കെ. ലതിക
ശ്രീ. എളമരം കരീം
,, സി. കൃഷ്ണൻ
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയെ കുറിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പരമ്പരാഗത മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിന് എന്തെങ്കിലും പാക്കേജ് ആവിഷ്കരിക്കുകയുണ്ടായോ;

(സി) പ്രസ്തുത മേഖലയുടെ തകർച്ച ഇന്നത്തെ നിലയിൽ തുടർന്നാൽ സംസ്ഥാനത്ത് വൻ ദുരന്തത്തിനിടയാക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

(ഡി) ഓരോ പരമ്പരാഗത മേഖലയിലും വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും പ്രശ്നം പ്രത്യേകമായി പഠിച്ച് അടിയന്തിര ഇടപെടൽ നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആണവ വൈദ്യുതി</u>

*32 ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ കൂടംകുളത്തിൽനിന്നുള്ള ആണവ വൈദ്യുതി പ്രയോജനപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത ആണവ നിലയത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ്;

(സി) ഇത് സംബന്ധിച്ച കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്നും സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

*33 ശ്രീ. വി. പി. സജീന്ദ്രന്‍
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങള്‍ കൈവരിക്കാന്‍ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങള്‍ക്കുള്ള ചികിത്സാ സഹായമാണ് നല്‍കിവരുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ലിസ്റ്റില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ചികിത്സാ ധനസഹായങ്ങള്‍ യഥാസമയത്ത് രോഗികള്‍ക്ക് ലഭിക്കാന്‍ എന്തെല്ലാം ക്രമീകരണങ്ങള്‍ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014–ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അഥോറിറ്റി രൂപീകരിക്കുന്നതിനുള്ള ശുപാർശ</u>

*34 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ
'' കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യെ കമ്പനിയാക്കുന്നതിന് ആസൂത്രണ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അഥോറിറ്റി രൂപീകരിക്കുന്നതിന് ശുപാർശ നൽകിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത അഥോറിറ്റിയുടെ ഘടന എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കമ്പനിയാക്കുമ്പോൾ ജീവനക്കാരുടെ സേവന വ്യവസ്ഥയെ സംബന്ധിച്ചും ജനങ്ങൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചും ആസൂത്രണ ബോർഡ് എന്തെല്ലാം ശുപാർശകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടി

*35 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് എതിർപ്പുകളും മൂലം തടസ്സപ്പെട്ടിരിക്കുന്ന വിവിധ വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നത് തടസ്സപ്പെടുത്തുന്നത് തടയുവാൻ ജിം, എമർജിംഗ് കേരള തുടങ്ങിയ ബിസിനസ്സ് സംഗമങ്ങളിലൂടെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

പതിനാലാം ധനകാര്യ കമ്മീഷൻ

*36 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യകമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിലെ സമീപനങ്ങളോട് വിയോജിക്കുകയുണ്ടായെങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നത്; പ്രസ്തുത കാര്യങ്ങളിൽ സമർപ്പിച്ച ബദൽ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) കേരളത്തിന്റെ ആവശ്യങ്ങൾ വസ്തുതകൾ നിരത്തി കമ്മീഷനെ ബോധിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ; കമ്മീഷനുമായുള്ള ചർച്ചയ്ക്ക് വളരെ മുമ്പ് തന്നെ രാഷ്ട്രീയ പാർട്ടികളുമായും ധനകാര്യവിദഗ്ദ്ധന്മാരുമായും ചർച്ച നടത്തി ആവശ്യങ്ങൾ ക്രോഡീകരിക്കുകയുണ്ടായോ; ഇത് കമ്മീഷന് നിവേദനം നൽകിയതിന്റെ എത്ര ദിവസം മുമ്പായിരുന്നു;

(ഡി) ചർച്ചാവേളയിൽ ഏതെങ്കിലും ആവശ്യത്തിന്മേൽ അനുകൂലമായോ പ്രതികൂലമായോ പ്രതികരണം ഉണ്ടായോ; സമർപ്പിച്ച നിവേദനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 07.01.2014–ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. നിരക്ക് വർദ്ധന**

*37 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിരക്ക് വർദ്ധന സംബന്ധിച്ച പഠനത്തിന് ഏതെങ്കിലും കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കമ്മീഷൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക പ്രതിസന്ധി</u>

*38 ഡോ. കെ. ടി. ജലീൽ
ശ്രീ. എളമരം കരീം
,, സാജു പോൾ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധിക വിഭവ സമാഹരണം ഉണ്ടായില്ലെങ്കിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമെന്ന് ധനകാര്യവകുപ്പ് സർക്കാരിന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ, ആയതിന്റെ വിശദാംശം എന്താണെന്നും പ്രസ്തുത വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ആഭ്യന്തര വളർച്ചാ നിരക്ക് കുറയുകയും സാമ്പത്തിക മാന്ദ്യം കൂടിവരികയും ചെയ്താൽ സാമ്പത്തിക സ്ഥിതി അപകടകരമാകുമെന്ന മുന്നറിയിപ്പ് കണക്കിലെടുത്ത് എന്തെല്ലാം തരത്തിലുള്ള വരുമാന വർദ്ധന കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്;

(ഡി) സാമ്പത്തിക പ്രതിസന്ധി മൂലം തസ്തികകൾ അനുവദിക്കാതിരിക്കാനും ശമ്പള ബാദ്ധ്യതകൾ കുറച്ചുകൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം</u>

*39 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; നിത്യോപയോഗ സാധനങ്ങൾക്ക് ദിനംപ്രതി വിലയേറിക്കൊണ്ടിരിക്കുമ്പോൾ, കമ്പോളത്തിൽ ഇടപെടാൻ ഫെഡറേഷന് കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഫെഡറേഷന്റെ സംഭരണവും വിപണനവും സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങൾ എന്തൊക്കെയായിരുന്നു; അവ പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ;

(സി) വിജിലൻസ് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഫെഡറേഷന്റെ ഏറ്റവും ഒടുവിലത്തെ ബാലൻസ് ഷീറ്റ് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) കൺസ്യൂമർ ഫെഡിന്റെ തകർച്ചയ്ക്ക് ഇടയാക്കുന്നതായി ഉന്നയിക്കപ്പെട്ട ഗൂഢാലോചനകളിൽ ഏർപ്പെട്ടവരെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഫെഡറേഷന് സർക്കാർ കൊടുത്തുതീർക്കാനുള്ള ബാദ്ധ്യതകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സൗരോര്‍ജ്ജ വൈദ്യുതി</u>

*40 ശ്രീ. മുല്ലക്കര രത്നാകരന്‍
,, പി. തിലോത്തമന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സൗരോര്‍ജ്ജത്തില്‍ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതു സംബന്ധിച്ച് പഠനങ്ങള്‍ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാന്‍ കഴിയുമെന്ന് പഠനങ്ങള്‍ തെളിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മേല്‍ക്കൂരകളില്‍ ഒരു കിലോവാട്ട് ശേഷിയുള്ള സൗരോര്‍ജ്ജ യൂണിറ്റുകള്‍ സ്ഥാപിക്കുന്നതിന് എത്ര രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്;

(സി) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര - സംസ്ഥാന സര്‍ക്കാരുകള്‍ നല്‍കി വരുന്ന സബ്സിഡി വിഹിതം എത്രയാണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം

*41 ശ്രീ. വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും ഇത് തരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ റോഡ് ട്രാൻസ്പോർട്ട് ജീവനക്കാരുടെ പെൻഷൻ സർക്കാർ നേരിട്ടാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ സർക്കാർ ഏറ്റെടുത്ത് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പെൻഷൻ വിതരണത്തിന് പ്രത്യേക ഫണ്ട് വേണമെന്ന ട്രേഡ് യൂണിയനുകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014–ലെ മറുപടിക്ക്

<u>സഹകരണമേഖലയിലെ പ്രതിസന്ധി</u>

*42 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിസന്ധികൾ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണം എന്തെന്ന് വിശദമാക്കാമോ;

(ഇ) ഇതുമൂലം സഹകരണ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>സബർബൻ റയിൽ സർവ്വീസ്</u>

*43 ശ്രീ. സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബർബൻ റയിൽ സർവ്വീസ് ആരംഭിക്കുന്നതിന് സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രത്തോളമാണെന്നും പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) പ്രധാന പാതകളുടെ ഇരട്ടിപ്പിക്കൽ നടപടികൾ വേഗത്തിലാക്കാൻ സ്ഥലമെടുത്തു നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വിദൂര ജില്ലയായ കാസർഗോഡിനെ തലസ്ഥാനവുമായി അതിവേഗ റയിൽ സർവ്വീസു മുഖേന ബന്ധിപ്പിക്കുന്നതിന് കൂടി സബർബൻ റയിൽ സർവ്വീസ് പദ്ധതിയെ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കാരുണ്യ ബനവലന്റ് ഫണ്ട്

*44 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി കുറെക്കൂടി വിപുലമായി നടപ്പിലാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) നിലവിൽ നല്കിവരുന്ന തുകകൾ വർദ്ധിപ്പിക്കുകയും കൂടുതൽ സ്വകാര്യ ആശുപത്രികളെ പ്രസ്തുത പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും, മാനസിക വൈകല്യമുള്ള രോഗികളെ പുനരധിവസിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി ഉണ്ടാകുമോ;വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ലോട്ടറി മേഖല

*45 ശ്രീ. സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി.പി. മുഹമ്മദ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ;

(ഇ) കമ്മീഷന്റെ റിപ്പോർട്ട് എന്ന് ലഭ്യമാകും; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കൽ</u>

*46 ശ്രീ. ഇ. പി. ജയരാജൻ
,, എസ്. ശർമ്മ
,, കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്ന നയം സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ തുടക്കമായിട്ടാണോ കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് ഇതിനകം നടപടികൾ ആരംഭിച്ചിട്ടുണ്ട്; ഏതെല്ലാം മേഖലയിലെ ഏതെല്ലാം നിലവാരത്തിലുള്ള സ്ഥാപനങ്ങൾ ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേക മാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്നതും പ്രസ്തുത നയത്തിന്റെ ഭാഗമായിട്ടാണോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014–ലെ മറുപടിക്ക്

'തേർഡ് ഐ' പദ്ധതി

*47 ശ്രീ. വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് 'തേർഡ് ഐ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ സോഷ്യൽ മീഡിയയുടെ സഹായത്തോടെ പിടികൂടാൻ എന്തെല്ലാം സംവിധാനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) പദ്ധതി കാര്യക്ഷമമായി മോണിട്ടർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ ഹോമുകൾ</u>

*48 ശ്രീ. ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ സഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഹോമുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഹോമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) രോഗികളുടെ കൂട്ടിരിപ്പുകാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കാരുണ്യ ഹോമുകൾക്കായുള്ള സ്ഥലം എങ്ങനെ കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം</u>

*49 ശ്രീ. എം. പി. വിൻസെന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നിയമം നടപ്പാക്കുന്നത് ഏത് ഏജൻസി വഴിയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ സംരക്ഷണത്തിനായി സംസ്ഥാനത്ത് നടത്തി വരുന്നത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ സംരക്ഷണത്തിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

വൈദ്യുതിനിരക്ക്

*50 ശ്രീ. പി. റ്റി. എ. റഹീം
,, എ. കെ. ബാലൻ
,, എസ്. ശർമ്മ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് 2014-15 സാമ്പത്തികവർഷത്തെ എ.ആർ.ആർ. & ഇ.ആർ.സി. റെഗുലേറ്ററി കമ്മീഷനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് എത്ര രൂപയുടെ റവന്യൂ ഗ്യാപ്പാണു പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത റവന്യൂ ഗ്യാപ്പ് നികത്തുന്നതിന് ഏതൊക്കെ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കാനാണു നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതിനിരക്കിൽ എന്തു വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഹെവി വാഹനങ്ങൾക്ക് ദേശീയ പെർമിറ്റ്

*51 ശ്രീ. എം. ഉമ്മർ
,, റ്റി. എ. അഹമ്മദ് കബീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് ബസ്സുകൾക്ക് ഒറ്റത്തവണ നികുതി ഈടാക്കി ദേശീയ പെർമിറ്റ് നൽകാനുള്ള കേന്ദ്ര നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് നടപ്പായാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഏതുവിധത്തിലായിരിക്കും ബാധിക്കുക എന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചരക്കുലോറികൾക്കും ട്രക്കുകൾക്കും ഈ രീതി നടപ്പാക്കിയത് സംസ്ഥാന താല്പര്യങ്ങളെ ഏതുവിധത്തിൽ ബാധിച്ചു എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കഞ്ചിക്കോട് റയിൽവേ ഫാക്ടറി</u>

*52 ശ്രീ. എം. ഹംസ
,, എം. ചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് റയിൽവേ ഫാക്ടറിയുടെ നിർമ്മാണ പ്രവൃത്തി നടക്കുന്നുണ്ടോ; ഇതിന്റെ ശിലാസ്ഥാപനം നടത്തിയത് ഏത് തീയതിയിലായിരുന്നു; നിർമ്മാണ പ്രവർത്തനത്തിൽ എത്ര ശതമാനം പുരോഗതിയുണ്ടായിട്ടുണ്ട്;

(ബി) മുൻസർക്കാർ പ്രസ്തുത പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമി എത്രയായിരുന്നു;

(സി) ഫാക്ടറി നിർമ്മാണം ഏത് കമ്പനിയുമായി സഹകരിച്ചാണ് റെയിൽവേ നടത്തുന്നത്; കേന്ദ്ര സർക്കാരിനോട് ഇക്കാര്യത്തിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരിന് ഇത് സംബന്ധിച്ച എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

വൈദ്യുത പദ്ധതികൾ

*53 ശ്രീ. ബി. ഡി. ദേവസ്സി
,, എ. കെ. ബാലൻ
,, രാജു എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുമതിക്ക് സമർപ്പിക്കപ്പെട്ടതും മുടങ്ങിക്കിടക്കുന്നതുമായ സംസ്ഥാനത്തെ വൈദ്യുത പദ്ധതികളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാതെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നേടിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അനുകൂലമായ തീരുമാനം ലഭിച്ചിട്ടുണ്ടോ;

(ഡി) മുഖ്യമന്ത്രിയ്ക്ക് പ്രധാനമന്ത്രിയിൽ നിന്നോ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നോ എന്തെങ്കിലും ഉറപ്പ് പ്രസ്തുത പദ്ധതികളുടെ കാര്യത്തിൽ ലഭിച്ചതായി അറിവുണ്ടോ;

(ഇ) പ്രസ്തുത പദ്ധതികൾ ഓരോന്നും പ്രാവർത്തികമാവുകയാണെങ്കിൽ ലഭിക്കുമായിരുന്ന അധിക വൈദ്യുതി എത്ര മെഗാവാട്ട് വീതമാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>ഐ. റ്റി. മേഖലയിൽ സ്വകാര്യ ഹൈടെക് പാർക്ക്</u>

*54 ശ്രീ. ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. മേഖലയിൽ സ്വകാര്യ ഹൈടെക് പാർക്കുകളെ സഹായിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ഇവർക്ക് നൽകാനുദ്ദേശിക്കുന്നത്;

(ഡി) ധനസഹായം നൽകുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>'എമർജിംഗ് കേരള' യുടെ ഭാഗമായി വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ക്ലബ്ബുകളുടെ പ്രവർത്തനം</u>

*55 ശ്രീ. സി. മമ്മൂട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'എമർജിംഗ് കേരള' യുടെ ഭാഗമായി വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ചുള്ള ക്ലബുകളുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ക്ലബുകളിൽ അംഗങ്ങളാകുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്;

(സി) സ്കൂൾ ശാസ്ത്രമേളകളിലും, സയൻസ് എക്സിബിഷനുകളിലും പങ്കെടുത്ത് നൂതന ആശയങ്ങൾ ആവിഷ്ക്കരിച്ച് സമ്മാനം ലഭിച്ചവർക്ക് ക്ലബുകൾ മുഖേന പ്രോത്സാഹനത്തിന് മുൻഗണന നല്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

### അനർട്ട് നടപ്പാക്കിയ പദ്ധതികൾ

*56 ശ്രീ. പി. ഉബൈദുള്ള
,, കെ.എം. ഷാജി
,, പി.ബി. അബ്ദുൾ റസാക്
,, റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനത്തോടൊപ്പം ഊർജ്ജോൽപാദനം കൂടി ലക്ഷ്യമിട്ട് അനർട്ട് നടപ്പാക്കിയ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് വാഗ്ദാനം നൽകിയിരുന്നത്;

(ഡി) എല്ലാ ഗുണഭോക്താക്കൾക്കും വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പദ്ധതികൾ

*57 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായാണ് സഹകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായരംഗം എത്രമാത്രം പുരോഗതി പ്രാപിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ</u>

*58 ശ്രീ. കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. ദാസൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രിഡ് കണക്ഷനോട് കൂടി റൂഫ് ടോപ്പ് സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ബി) ഗ്രിഡുമായി ബന്ധിപ്പിച്ച സൗരോർജ്ജ പാനലുകൾ സർക്കാർ ഓഫീസുകളിൽ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) പ്രഖ്യാപിത 25000 ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകളിൽ എത്രയെണ്ണം സ്ഥാപിക്കുകയുണ്ടായി; ഇതിനായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു;ചെലവഴിച്ചതെത്ര;

(ഡി) ഇതുമൂലം പ്രതീക്ഷിച്ച അധിക സ്ഥാപിതശേഷി എത്ര മെഗാവാട്ടായിരുന്നു; ഇതിനകം സ്ഥാപിതശേഷിയിൽ എന്തു വർദ്ധനവുണ്ടായി; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014–ലെ മറുപടിക്ക്

വൈദ്യുതി ബോർഡ് കമ്പനിവൽക്കരണം

*59 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനിവത്കരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിലെ വ്യവസ്ഥകൾ എന്തെല്ലാം; വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ജീവനക്കാർക്ക് പെൻഷൻ ഉറപ്പുവരുത്തുന്ന കാര്യത്തിൽ സർക്കാർ ഗ്യാരന്റി നൽകുമോ;

(ഡി) കമ്പനിയായി പ്രവർത്തനമാരംഭിക്കുവാൻ എന്തെല്ലാം നടപടി ക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014–ലെ മറുപടിക്ക്

റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാൻ പദ്ധതി

*60 ശ്രീ. ലൂഡി ലൂയിസ്
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാൻ മോട്ടോർ വാഹനവകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കുവാനുദ്ദേശിക്കുന്നത്;

(സി) അപകടങ്ങളിൽപ്പെടുന്നവർക്ക് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരെയെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഡിസംബർ 29.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)].